©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ഒക്ടോബർ 23<br>23rd October 2018<br>1194 തുലാം 6<br>6th Thulam 1194<br>1940 കാർത്തികം 1<br>1st Karthika 1940 | നമ്പർ<br>No. 42 |

# PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

### ദർഘാസ്/ലേല പരസ്യം

നമ്പർ എ.ഇ. (4) 365/2018. 2018 സെപ്റ്റംബർ 17.

കേരള ഗവർണ്ണർക്കുവേണ്ടി കൃഷി വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വയസ്ക്കരക്കുന്ന്, കോട്ടയം കേരള കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വാഹനങ്ങളുടെ ഉപയോഗശൂന്യമായ ടയറുകളും ട്യൂബുകളും ഇപ്പോഴത്തെ അവസ്ഥയിൽ 2018 നവംബർ 26 പകൽ 3 മണിക്ക് പരസ്യമായി ദർഘാസ്/ലേലം വഴി വിൽപ്പന നടത്തുന്നു.

| | | |
|---|---|---|
| റേഡിയൻ ടയേഴ്സ് | — 175/ആർ 14—3 | എണ്ണം |
| ട്യൂബ്സ് | —195/70/ആർ 14—16 | എണ്ണം |
| | 215/75/ആർ 17—20 | എണ്ണം |
| | 235/75/ആർ 15—5 | എണ്ണം |
| | ആകെ 44 | എണ്ണം |

ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ കൃത്യ സമയത്ത് ഹാജരാകേണ്ടതും അന്നേദിവസം പകൽ 12.30-ന് മുൻപായി താഴെ കാണുന്ന നിരക്കിൽ നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. നിരതദ്രവ്യം 500 ആകുന്നു. കൂടാതെ മുദ്രവച്ച ടെണ്ടറുകളും സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ നൽകുവാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസിൽ എഴുതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), വയസ്ക്കരക്കുന്ന്, കോട്ടയം-686 001 എന്ന് മുദ്രണം ചെയ്ത കവറിൽ 26-11-2018-ന് ഉച്ചയ്ക്ക് ഒരു മണിക്കുമുമ്പായി കിട്ടത്തക്കവണ്ണം അയയ്ക്കേണ്ടതാണ്. ടെണ്ടറിനൊപ്പം മേൽപ്പറഞ്ഞ നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), വയസ്ക്കരക്കുന്ന്, കോട്ടയത്തിന്റെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കവറിന്റെ മുകളിൽ "ഉപയോഗശൂന്യമായ റേഡിയൻ ടയറുകളുടെ ദർഘാസ്" എന്ന തലകെട്ട് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ഡിമാന്റ്

ഡ്രാഫ്റ്റിനു പകരമായി നിരതദ്രവ്യം അടച്ച ടോക്കൺ കവറിനകത്ത് വെച്ച് സീൽ ചെയ്താലും പരിഗണിക്കുന്നതാകുന്നു. ടെണ്ടറിനും പരസ്യലേലത്തിനും പ്രത്യേകം പ്രത്യേകം ടോക്കൺ എടുക്കേണ്ടതാകുന്നു.

മേൽ വിവരിച്ച രീതിയിൽ സാധുവായ ടെണ്ടറുകൾ 26-11-2018-ന് ഉച്ചകഴിഞ്ഞ് മൂന്ന് മണിക്കുള്ള പരസ്യ ലേലത്തിനുശേഷം തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക കാണിക്കുന്നവർക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ടിയാൻ ഉടൻ തന്നെ ലേലം/ടെണ്ടർ തുകയുടെ മൂന്നിൽ ഒന്ന് സംഖ്യ നിരതദ്രവ്യം കഴിച്ച് ലേല സ്ഥലത്ത് വെച്ച് തന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും നികുതികളും ലേലം/ടെണ്ടർ ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് സ്വന്തം ചെലവിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതുമാകുന്നു. മേൽ ലേല വസ്തുക്കളുടെ വിൽപ്പന നിലവിലുള്ള ചരക്കു സേവന നികുതികൾക്ക് വിധേയമായിരിക്കും. ടെണ്ടറുകൾ തുറക്കുന്ന സമയത്ത് ടെണ്ടറിലെ മേൽവിലാസക്കാരനോ അദ്ദേഹം അംഗീകരിച്ച് ചുമതലപ്പെടുത്തിയിട്ടുള്ള കത്തോടുകൂടിയ ആരെങ്കിലുമോ ഹാജരാകാതിരിക്കുന്ന ടെണ്ടറുകൾ അസാധുവാക്കുന്നതാണ്.

മേൽ പ്രസ്താവിച്ച നിബന്ധനകൾക്ക് വിപരീതമായി ലേലം/ടെണ്ടർ കൊണ്ട ആൾ പ്രവർത്തിക്കുകയാണെങ്കിൽ തുടർന്നുള്ള ലേലക്കാർക്ക് ലേലം ഉറപ്പിക്കുന്നതും അതിന് സാധിക്കാതെ വരുമ്പോൾ ലേലം/ടെണ്ടർ ചെയ്ത വസ്തുക്കൾ പുനർലേലം ചെയ്യുന്നതും ആയതിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ഏറ്റവും ആദ്യം ലേലം/ടെണ്ടർ കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതും ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്. അഥവാ പുനർ ലേലത്തിൽ ലാഭമുണ്ടാവുകയാണെങ്കിൽ ടിയാന് യാതൊരുവിധ അർഹതയുമുണ്ടായിരിക്കുന്നതല്ല.

ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം മടക്കി കൊടുക്കുന്നതാണ്. ടെണ്ടർ/ലേലത്തിൽ പങ്കെടുത്തവർ മേൽ പ്രസ്താവിച്ച നിബന്ധനകൾ പാലിക്കേണ്ടതാകുന്നു. ലേലം ചെയ്യാനുള്ള വസ്തുക്കൾ എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മണി മുതൽ 5 മണിവരെയുള്ള സമയങ്ങളിൽ ഈ ആഫീസിൽ പരിശോധിച്ച് മനസ്സിലാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ ശേഖരിക്കാവുന്നതുമാണ്. 26-11-2018-ന് എന്തെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽ നിബന്ധനകൾ പ്രകാരം ലേലം/ടെണ്ടർ നടത്തുന്നതായിരിക്കും. യാതൊരു കാരണവും കൂടാതെ ലേലം/ടെണ്ടർ തീയതി മാറ്റുന്നതിനും ലേലം/ടെണ്ടർ നിർത്തി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), കോട്ടയത്തിൽ നിക്ഷിപ്തമാകുന്നു.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്,
കോട്ടയം.

(ഒപ്പ്)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി).